കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 12/2023 16/06/2023

# കണ്ണൂർ ജില്ലയിൽ ആവേശകരമായ നിക്ഷേപ സമാഹരണം

നമ്മുടെ ബാങ്കിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ നിക്ഷേപ സമാഹരണമാണ് കഴിഞ്ഞദിവസം കണ്ണൂരിൽ നടന്നത്. 108 കോടി രൂപയുടെ നിക്ഷേപമാണ് വിവിധ അക്കൗണ്ടുകളിലായി സമാഹരിക്കാൻ അവിടെ കഴിഞ്ഞത്. ഇത് ഏതെങ്കിലും സ്ഥാപനത്തിന്റെ നിക്ഷേപം ആയിരുന്നില്ല. കണ്ണൂരിലെ എടയന്നൂർ ശാഖയുടെ പ്രവർത്തന മേഖലയിൽ നടന്ന Land Acquisitionന്റെ ഫലമായി ആ പ്രദേശത്തെ ജനങ്ങൾക്ക് ലഭിച്ച തുകയാണ് നമ്മുടെ ബാങ്കിലേക്ക് സമാഹരിക്കാൻ കഴിഞ്ഞത്.

**ഒരു വർഷം നീണ്ട പ്രവർത്തനം :**

ബാങ്കിലേക്ക് നിക്ഷേപം വന്നത് ഇന്നലെയാണെങ്കിലും കഴിഞ്ഞ ഒരു വർഷക്കാലം നടത്തിയ നിരന്തരമായ പ്രവർത്തനത്തിന്റെ ഗുണഫലമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഇങ്ങനെ ഒരു അക്വിസിഷൻ നടക്കാൻ പോകുന്നു എന്ന് അറിഞ്ഞതുമുതൽ കണ്ണൂർ ജില്ലയിലെ നമ്മുടെ സഖാക്കൾ അക്വിസിഷനിലൂടെ ലഭിക്കുന്ന പണം നമ്മുടെ ബാങ്കിലേക്ക് എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയായിരുന്നു. സർക്കാരിന്റെ വിവിധ പദ്ധതികൾക്ക് ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക് വളരെ ഉയർന്ന വില ലഭിക്കുന്നു എന്ന വർത്തമാനകാല കേരള സാഹചര്യവും കണക്കിലെടുത്താണ് നമ്മുടെ സഖാക്കൾ പ്രവർത്തന പഥത്തിലിറങ്ങിയത്. നഷ്ടപരിഹാരം ലഭിക്കുന്നവരുടെ മേൽവിലാസം കണ്ടെത്തുക എന്നതായിരുന്നു ഒന്നാമത്തെ ജോലി. സംഘടനാ പരമായ നമ്മുടെ ബന്ധം ഉപയോഗിച്ചു കൊണ്ട് ആ പ്രവൃത്തി പൂർണമായും നടത്തിയെടുക്കാൻ കഴിഞ്ഞു. അങ്ങനെ ലഭിച്ച മേൽവിലാസം ഉപയോഗിച്ച് എല്ലാവരെയും വീട്ടിൽ പോയി കണ്ടു. പലർക്കും നമ്മുടെ ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരുന്നില്ല. മറ്റ് ബാങ്കുകളിൽ അക്കൗണ്ട് ഉണ്ടായിരുന്നവരും ധാരാളം. അങ്ങനെയുള്ള എല്ലാവരെ കൊണ്ടും നമ്മുടെ ബാങ്കിൽ പുതിയ അക്കൗണ്ട് തുടങ്ങിപ്പിച്ചു. നമ്മുടെ ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരുന്ന പലരുടേയും അക്കൗണ്ടുകൾ പണം ലഭിക്കുന്നതിനുള്ള സൗകര്യത്തിനായി ജോയിന്റ് അക്കൗണ്ടുകൾ ആക്കേണ്ടി വന്നു. ഇതിനെല്ലാം ശാഖകളിലെ ജീവനക്കാർ നല്ല നിലയിലുള്ള പ്രവർത്തനം നടത്തി. ഈ പ്രവർത്തനങ്ങളുടേയെല്ലാം ഫലമാണ് ഇപ്പോൾ ലഭിച്ച നേട്ടം. ഈ പ്രവർത്തനങ്ങൾക്ക് ആദ്യാവസാനം നേതൃത്വം നൽകിയത് KGBEU കണ്ണൂർ ജില്ലാ സെക്രട്ടറി സ. സി.പി. ഭാനുപ്രകാശ്, KGBOU കണ്ണൂർ ജില്ലാ ജോയിന്റ് സെക്രട്ടറി സ. ടി.വി. ശരത്ത് എന്നിവരായിരുന്നു. ഷിംന ചന്ദ്ര, പാർവതി ജെ, നിത്യ വി.കെ, ദിവ്യ വി.പി എന്നിവരും ഇതിൽ നിർണായക പങ്ക് വഹിച്ചു. എടയന്നൂർ, മട്ടന്നൂർ, കുടുക്കിമൊട്ട എന്നിവിടങ്ങളിലെ നമ്മുടെ മുഴുവൻ ജീവനക്കാരുടെയും നിസ്വാർത്ഥമായ പിന്തുണയും ഇതിലുണ്ടായിരുന്നു.

**ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും :**

കേരള ഗ്രാമീണ ബാങ്കിലെ മുഴുവൻ ജീവനക്കാരെയും ആഹ്ലാദിപ്പിക്കുന്ന ഈ വാർത്ത ഇന്ന് രാവിലെ മുതൽ ബാങ്കിലാകെ പരന്നു. സ. ഭാനുപ്രകാശിനേയും സ. ശരത്തിനെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ജീവനക്കാർ വിളിച്ച് അവരുടെ സന്തോഷവും അഭിവാദ്യങ്ങളും രേഖപ്പെടുത്തി. എന്നാൽ ഇതേ സമയം മറ്റു ചിലരുടെ മനസ്സിൽ ലഡ്ഡു പൊട്ടി. ദുബായിയും കഴിഞ്ഞ് അവരുടെ സ്വപ്നങ്ങൾ യൂറോപ്പിലേക്കും വികസിച്ചു. 108 കോടിയിൽ സന്തോഷവും പത്തോ ഇരുപതോ ശതമാനം ചോയ്സിലേക്ക് മറിക്കാൻ കഴിഞ്ഞാൽ – സ്വപ്നത്തിന് ചിറകുമുളച്ചു. ഒരു സീനിയർ മാനേജരോടൊപ്പം കണ്ണൂർ റീജിയണൽ മാനേജർ എടയന്നൂർ ശാഖയിലെത്തി. റീജിയണൽ ഓഫീസിൽ നിന്നും രണ്ട് പേരാണ് എടയന്നൂരെത്തിയതെങ്കിൽ ചോയ്സിൽ നിന്നും നാലു പേരാണ് അവിടെ എത്തിയത്. 'Great Catch'സ്വപ്നം കണ്ട് എടയന്നൂരെത്തിയവർക്ക് എന്നാൽ നിരാശരാകേണ്ടി വന്നു. ഒരു പോളിസി പോലും അവർക്ക് അവിടെ നിന്നും ലഭിച്ചില്ല. നമ്മുടെ സഖാക്കൾ വീട്ടിൽ പോയി കണ്ട് പരിചിതരായ ഇടപാടുകാർ, അവരുടെ നഷ്ടപ്പെട്ട ഭൂമിക്ക് പകരം ലഭിച്ച പണം ഏറ്റവും സുരക്ഷിതമായ മാർഗത്തിൽ നിക്ഷേപിക്കണം എന്ന തീരുമാനത്തോടെ നമ്മുടെ ബാങ്കിനോടൊപ്പം നിൽക്കുകയാണ് ഉണ്ടായത്. അവിടെയാണ് ചില നികൃഷ്ട ജീവികൾ വിദേശയാത്ര സ്വപ്നം കണ്ട് ആർമാദിച്ചെത്തിയത്. എടയന്നൂർ ശാഖയിലെ മൊത്തം ജീവനക്കാരുടെ സുചിന്തിതമായ നിലപാട് കാരണം ആ നീക്കത്തെ തോൽപ്പിക്കാൻ നമുക്ക് കഴിഞ്ഞു. അഭിവാദനങ്ങൾ

**സായിപ്പിന്റെ നായ:**

സായിപ്പിന് ഒരു hunter dog ഉണ്ടായിരുന്നു. ആ നായയുടെ കഴിവിൽ സായിപ്പ് അഹങ്കരിച്ചിരുന്നു. ഒരു ദിവസം സായിപ്പ് നായയുമായി വേട്ടക്കിറങ്ങി. ഒരു മുയലിനെ കണ്ടപ്പോൾ സായിപ്പ് നായയെ അഴിച്ചുവിട്ടു. മുയൽ ഓടി നായ പിന്നാലെയും. കുറേ കഴിഞ്ഞിട്ടും നായക്ക് മുയലിനെ പിടിക്കാൻ കഴിഞ്ഞില്ല. മുയലിനെ എന്തുകൊണ്ട് കിട്ടിയില്ല എന്ന് സായിപ്പ് നായയോട് ചോദിച്ചു. നായ ഇങ്ങനെ മറുപടി പറഞ്ഞു. 'ഞാൻ ഓടുന്നത് നിങ്ങളെ ബോധിപ്പിക്കാനാണ് മുയൽ ഓടുന്നതോ അതിന്റെ ജീവൻ രക്ഷിക്കാനും.' മുയലിന്റേയും നായയുടേയും ഓട്ടങ്ങൾ തമ്മിലുള്ള വ്യത്യാസം പോലെ നമ്മുടെയും നികൃഷ്ട ജീവികളുടെയും ജോലികൾ തമ്മിലും ഉണ്ടാവും.

സഖാക്കളെ,

നമ്മുടെ ബാങ്കിന്റെ അടിത്തറ ശക്തിപ്പെടുത്തുന്ന നിലയിൽ ബിസിനസ്സ് സമാഹരണത്തിന് യത്നിക്കുന്നതോടൊപ്പം ബാങ്കിന്റെ അടിത്തറ തകർക്കുന്ന ശക്തികളെ തുരത്തുകയും ചെയ്യുക.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**പ്രശാന്ത് ജി**
ആക്ടിംഗ് ജനറൽ സെക്രട്ടറി
KGBOU, 9995110026

kartine29.deviantart